Regd. No. 71285/99
Registered KL/CR/TCR/353/2003-05
Posted at Thrissur RMS/2 on 20&21/4/2004

Keraleeyam
2004 April

Licence No. KL/TCR/WPP-18/2004-2005
Licenced to post without prepayment
Rs. 15/-

● അഭിമുഖം

കെ.ജി. ജയന്തി

# പെപ്സി കമ്പനിയെ പൂട്ടിക്കുകതന്നെ ചെയ്യും

**പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടാണ് പെപ്സികോ. ഹോൾഡിങ്ങ്സ് (ഇന്ത്യ) പ്രൈ. ലി. കമ്പനി സ്ഥിതിചെയ്യുന്നത്. പെപ്സിക്കെതിരെ നിയമയുദ്ധം നടത്തുന്ന പുതുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ.ജി. ജയന്തിയുമായി നടത്തിയ ഈ അഭിമുഖം തയ്യാറാക്കിയത് ഷീബ അമീർ, റോബിൻ**

*പുതുശ്ശേരി ഗ്രാമപഞ്ചായത്ത് എന്തുകൊണ്ടാണ് പെപ്സി കമ്പനിയുടെ ലൈസൻസ് റദ്ദുചെയ്യാൻ തീരുമാനിച്ചത്?*

പുതുശ്ശേരി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പെപ്സിക്കോള കമ്പനിക്ക് 2005 വരെ 5 കൊല്ലത്തെ ലൈസൻസ് ഉണ്ടായിരുന്നതാണ്. 2003 മെയ് 11 ന് അത് റദ്ദ് ചെയ്തു.

റദ്ദ് ചെയ്യാനുള്ള സാഹചര്യം പെപ്സി കമ്പനി സ്ഥിതി ചെയ്യുന്നതിന് ചുറ്റുപാടുമുള്ള വെള്ളം ഗണ്യമായി കുറഞ്ഞു. ബോർവെല്ലും, കിണറുകളും വറ്റി. പിന്നെ കുഴിയ്ക്കുന്ന കിണറുകളിൽ വെള്ളം കിട്ടാത്ത അവസ്ഥ വന്നു. 200 മീറ്ററിന് താഴെ വെള്ളം കിട്ടിയിരുന്ന സ്ഥലങ്ങളിൽ 500 മീറ്ററിന് താഴെ താഴ്ത്തിയാലും വെള്ളം കിട്ടാത്ത സ്ഥിതി വന്നു.

അത്രയും പ്രശ്നങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ ലൈസൻസ് കാലാവധി കഴിയുന്നതിനുമുമ്പേ റദ്ദാക്കി.

*പഞ്ചായത്തിന്റെ തീരുമാനം സർക്കാർ സ്റ്റേ ചെയ്തിരിക്കുകയാണല്ലോ. നമ്മുടെ ഭരണകർത്താക്കളുടെ നിലപാട് വച്ചുകൊണ്ട് കമ്പനി അടച്ചുപൂട്ടാൻ അവർ സമ്മതിക്കുമെന്നു തോന്നുന്നില്ല. അങ്ങനെ വന്നാൽ ഏതു വഴിയിൽ നീങ്ങാനാണ് പഞ്ചായത്ത് ഉദ്ദേശിക്കുന്നത്?*

പഞ്ചായത്തിന്റെ സകല സാധ്യതകളും ഉപയോഗിച്ച് എത്രവരെ എതിർക്കാൻ പറ്റുമോ അത്രയും എതിർക്കും. പഞ്ചായത്തിന്റെ നിലപാട് ശരിയാണ് എന്ന് വയ്ക്കുന്നതുവരെ എന്ത് വിലകൊടുത്തിട്ടായാലും സമരം ചെയ്യും.

യുവജന സംഘടനകളും, സ്ത്രീകളും ഒക്കെ ചേർന്ന് സിവിൽ സ്റ്റേഷന് മുന്നിൽ സമരം ചെയ്തിട്ടുണ്ട്. എ.ഐ.വൈ.എഫ്. ഉം ഇവിടെ സമരരംഗത്ത് വന്നിട്ടുണ്ട്.

*കമ്പനി പൂട്ടേണ്ടി വരുമ്പോൾ ഇവിടെയുണ്ടായ നഷ്ടങ്ങൾ നികത്താൻ എന്താണ് ചെയ്യുക?*

നാട്ടിലുള്ള നിയമങ്ങൾ അനുസരിച്ച്




അവരുണ്ടാക്കിയ നഷ്ടങ്ങൾക്ക്, അവരെക്കൊണ്ട് തന്നെ പരിഹാരം ഉണ്ടാക്കും. നഷ്ടപരിഹാരം നേടാൻ എടുക്കേണ്ട സമരമുറകളെക്കുറിച്ച് ഏറെ ആലോചിട്ടില്ല. ആദ്യം കമ്പനി അടയ്ക്കുക എന്ന ലക്ഷ്യത്തിനാണ് പ്രാധാന്യം.

*കോളകളിൽ മാരകമായ വിഷമുണ്ടെന്ന് തെളിഞ്ഞ സാഹചര്യത്തിൽ ആ പാനീയങ്ങൾ നിരോധിക്കാൻ പഞ്ചായത്ത് ഉദ്ദേശിക്കുന്നുണ്ടോ?*

കടകളിലും, മറ്റെല്ലായിടങ്ങളിലും ഈ പാനീയങ്ങൾ വിൽക്കരുത് എന്ന് അപേക്ഷിച്ചിട്ടുണ്ട്. ഇവിടെ അതിന്റെ വിൽപന അധികമൊന്നും നടക്കുന്നില്ല. മുഴുവനായും ഒരു നിരോധനം ആലോചിക്കുന്നുണ്ട്.

*കൂടുതൽ ജലചൂഷണം നടത്തുന്നത് പെപ്സി കമ്പനിയാണെങ്കിലും സജീവമായ സമരമോ, വേണ്ടത്ര ജനശ്രദ്ധയോ എന്തുകൊണ്ടാണ് പുതുശ്ശേരിയിലുണ്ടാകാത്തത്? പ്ലാച്ചിമടയ്ക്ക് സമാനമായി ഇവിടെ സമരം ഉണരാത്തതെന്താണ്?*

കൊക്കക്കോള കമ്പനിയിലെ പ്രശ്നങ്ങൾ കൊണ്ട് ആദിവാസികളും പ്രശ്നത്തിൽപെട്ടതുകൊണ്ട് സമരമുഖത്തവർ ഉണ്ടായിരുന്നു. അതിനാൽ മാദ്ധ്യമങ്ങളുടെ ശ്രദ്ധ അവിടേക്ക് പോയി.

പെപ്സിയുടെ കാര്യത്തിൽ പുതുശ്ശേരി പഞ്ചായത്തിൽ ആദിവാസി കോളനികൾ കുറച്ച് ഉള്ളിലേക്കാണ് എന്നതുകൊണ്ട് അവരെ ഏറെ ഇതിൽ ഭാഗമാക്കാൻ സാധിച്ചിട്ടില്ല.

*പെപ്സി കമ്പനിക്കെതിരായുള്ള രാഷ്ട്രീയ പിന്തുണ എങ്ങിനെയെല്ലാമാണ്?*

ആദ്യം സമരം തുടങ്ങുന്ന സമയത്ത് തീരുമാനങ്ങൾ ഐക്യകണ്ഠേനയല്ലായിരുന്നു. ആകെ 20 സീറ്റിൽ 15 എൽ.ഡി.എഫ്. ഉം 5 യു.ഡി.എഫ് ഉം ആണ്. ആദ്യം യു.ഡി.എഫ്. വിയോജനകുറിപ്പ് എഴുതിയിരുന്നു. അതിനുശേഷം ഇപ്പോൾ എല്ലാ തീരുമാനങ്ങളും ഐക്യകണ്ഠേനയാണ് എടുത്തിട്ടുള്ളത്.

*വാസ്തവത്തിൽ സി.പി.ഐ.(എം.) ന്റെ പാർട്ടി പിന്തുണ കിട്ടാത്തതുകൊണ്ടാണോ കമ്പനിയ്ക്കെതിരായ പോരാട്ടം ശക്തിപ്പെടാത്തത്?*

പാർട്ടിയുടെ മുഴുവൻ പിന്തുണയും ഞങ്ങളോടൊപ്പമുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തും സഹകരിക്കുന്നുണ്ട്.

---

**വിവരം, അധികാരം, തെരഞ്ഞെടുപ്പ് ചോദ്യാവലിയുടെ പ്രതികരണം പേജ് 26-36 കാണുക.**

---

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 0487- 2421385, E-mail : keraleeyamtcr@rediffmail.com